I/25113/2022

150 YEARS OF CELEBRATING THE MAHATMA

Break the chain

**വിവരാവകാശം/മറുപടി**

സാമൂഹ്യനീതി ഡയറക്ടറേറ്റ്,
വികാസ് ഭവൻ,
തിരുവനന്തപുരം
തീയതി :16/02/2022
Email - swdkerala@gmail.com
Phone - 0471 - 2306040

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
സാമൂഹ്യ നീതി ഡയറക്ടറേറ്റ്,
തിരുവനന്തപുരം.

വിഷ്ണുപ്രസാദ് വി പി ,
കല്ലുരക്കണ്ടി ഹൗസ് ,വാകയാട് പി ഒ,
നടുവണ്ണൂർ വഴി , കോഴിക്കോട് ജില്ല -673614

സർ,

വിഷയം:- സാമൂഹ്യ നീതി വകുപ്പ് - വിവരാവകാശ നിയമം 2005 പ്രകാരം മറുപടി നൽകുന്നത് - സംബന്ധിച്ച്.

സൂചന :- താങ്കളുടെ 18/01/2022 തീയതിയിലെ അപേക്ഷ.

സൂചനയിലേയ്ക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ആയതിന്റെ മറുപടി ചുവടെ ചേർക്കുന്നു.

1) കേരളത്തിലെ ഏതെല്ലാം ഗവൺമെൻറ് മെഡിക്കൽ കോളേജിൽ ലിംഗമാറ്റ ശസ്ത്രക്രിയ നടത്തുന്നുണ്ട് . ഈ ശസ്ത്രക്രിയ പൂർണമായും സൗജന്യമാണോ? ലിംഗമാറ്റ ശസ്ത്രക്രിയ ഇപ്പോൾ നടത്തുന്നുണ്ടോ?

വിവരം ഈ കാര്യാലയത്തിൽ ലഭ്യമല്ല .പ്രസ്തുത വിവരം താങ്കൾക്ക് ആരോഗ്യ വകുപ്പിൽ നിന്ന് നേരിട്ട് ശേഖരിക്കാവുന്നതാണ് .

2)കേരളത്തിൽ ഏതെല്ലാം സ്വകാര്യ ആശുപത്രികളിൽ ലിംഗമാറ്റ ശസ്ത്രക്രിയ നടത്തുന്നുണ്ട്?സ്വകാര്യ ആശുപത്രികളിൽ നിന്നും ലിംഗമാറ്റ ശാസ്ത്രക്രിയ നടത്തിയാൽ സർക്കാറിന്റെ ധനസഹായം ലഭിക്കുമോ?

വിവരം ഈ കാര്യാലയത്തിൽ ക്രോഡീകരിച്ച സൂക്ഷിച്ചിട്ടില്ല . താങ്കൾക്ക് ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിൽ നിന്നും നേരിട്ട് ശേഖരിക്കാവുന്നതാണ് .

ലിംഗമാറ്റ ശസ്ത്രക്രിയയ്ക്ക് വിധേയരായ ട്രാൻസ് ജെൻഡർ വിഭാഗത്തിൽപ്പെട്ടവർക്ക് സർക്കാർ തലത്തിൽ ധനസഹായം 2018 മുതൽ നൽകി വരുന്നുണ്ട്. ധനസഹായം ലഭ്യമാകുന്നതിനായി അപേക്ഷകന് TG ഐ ഡി കാർഡിന്റെ പകർപ്പ്, മേൽവിലാസം തെളിയിക്കുന്നതിനുള്ള രേഖയുടെ പകർപ്പ് , ലിംഗമാറ്റ ശസ്ത്രക്രിയയുടെ ചികിത്സ റിപ്പോർട്ട്,ഡോക്ടറുടെ സാക്ഷ്യപത്രം ,ചിലവായ ബില്ലുകളുടെ പകർപ്പ്, അപേക്ഷകന്റെ ഡിക്ലറേഷൻ, അപേക്ഷകന് 18 വയസ്സ് പൂർത്തിയായിരിക്കണം.ഗവൺമെന്റ് ഉത്തരവ് പ്രകാരം നിലവിൽ ട്രാൻസ് മെൻ വ്യക്തികൾക്ക് 5 ലക്ഷം രൂപ വരെയും ട്രാൻസ്

വുമൺ വ്യക്തികൾക്ക് 2.5 ലക്ഷം രൂപ വരെയും നൽകി വരുന്നു. രാജ്യത്തെ ഏതു ആശുപത്രിയിൽ ലിംഗമാറ്റ ശസ്ത്രക്രിയ നടത്തിയാലും പ്രസ്തുത ധന സഹായത്തിനു അർഹതയുണ്ടയിരിക്കും .

3)ലിംഗമാറ്റ ശസ്ത്രക്രിയ കഴിഞ്ഞ് ാൽ എന്തെല്ലാം സഹായങ്ങൾ ആണ് സാമൂഹ്യനീതി വകുപ്പ് നൽകുന്നത് ?

ലിംഗമാറ്റ ശസ്ത്രക്രിയയ്ക്ക് വിധേയരാകുന്ന ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് തുടർചികിത്സയ്ക്ക് പ്രതിമാസം 3000 രൂപ നിരക്കിൽ 12 മാസത്തേക്ക് 36,000 രൂപ വീതം ധനസഹായം അനുവദിച്ചുനൽകുന്നു.

4) ലിംഗമാറ്റ ശസ്ത്രക്രിയ നടത്തിയവർക്ക് പേരിൽ മാറ്റം വരുത്തുവാൻ കഴിയുമോ ? ലിംഗമാറ്റ ശസ്ത്രക്രിയ നടത്തിയവർക്ക് വിദ്യാഭ്യാസ സർട്ടിഫിക്കറ്റുകളിൽ (X,XII,ഡിഗ്രി,പി ജി, മറ്റു യോഗ്യതകൾ ) പേര് മാറ്റാൻ കഴിയുമോ? ഇല്ലെങ്കിൽ ലിംഗമാറ്റ ശസ്ത്രക്രിയ നടത്തിയ ഒരാൾക്ക് എങ്ങനെയാണ് പഴയ സർട്ടിഫിക്കറ്റുകളിൽ ഉള്ള പേരിലുള്ള വ്യക്തിതാൻ തന്നെയാണെന്ന് എങ്ങനെയാണ് തെളിയിക്കുവാൻ കഴിയുക?

ട്രാൻസ്ജെന്റർ പ്രൊട്ടെക്ഷൻ ആക്റ്റ് 2019, വകുപ്പ് 6- സബ്സെക്ഷൻ 1 പ്രകാരം ജില്ലാ മജിസ്ട്രേറ്റിൽ നിന്നും ട്രാൻസ് ജെന്റർ സർട്ടിഫിക്കറ്റ് ലഭ്യമായ ശേഷം,ഒരു ട്രാൻസ്ജെൻഡർ പുരുഷനോ സ്ത്രീയോ ആയി ലിംഗഭേദം മാറ്റുന്നതിന് ശസ്ത്രക്രിയയ്ക്ക് വിധേയനായാൽ, അത്തരത്തിലുള്ള ഒരാൾക്ക് ചീഫ് മെഡിക്കൽ ഓഫീസറുടെ/ മെഡിക്കൽ സൂപ്രണ്ട് നൽകിയ സർട്ടിഫിക്കറ്റ് സഹിതം ജില്ലാ മജിസ്ട്രേറ്റിന് അപേക്ഷ നൽകുകയും ജില്ലാ മജിസ്ട്രേറ്റ് നൽകുന്ന ലിംഗമാറ്റം സൂചിപ്പിക്കുന്ന revised certificate ന്റെ അടിസ്ഥ ാനത്തിൽ വകുപ്പ് 7(2)പ്രകാരം ജനന സർട്ടിഫിക്കറ്റിലെയും മറ്റ് എല്ലാ ഔദ്യോഗിക രേഖകളിലെയും പേര് മാറ്റാൻ അർഹതയുണ്ട്.

5) ഇത്തരത്തിൽ ലിംഗമാറ്റ ശസ്ത്രക്രിയ നടത്തിയ ഒരാൾക്ക് അയാളുടെ വിദ്യാഭ്യാസ സർട്ടിഫിക്കറ്റുകൾ, ആധാർകാർഡ് ,റേഷൻ കാർഡ്, ഇലക്ഷൻ കാർഡ് വ്യക്തിയുടെ പേരിലുള്ള സ്ഥ ലത്തിൻറെ ആധാരം എന്നിവയിൽ ലിംഗമാറ്റം നടത്തിയതുമായി ബന്ധപ്പെട്ട വിവരങ്ങൾ കൂട്ടിച്ചേർക്കാൻ കഴിയുമോ ?ഇതിനു സർക്കാരിനെയും വിദ്യാഭ്യാസവകുപ്പ്,യൂണിവേഴ്സിറ്റി, സാമൂഹ്യനീതി വകുപ്പ്,രജിസ്ട്രേഷൻ വകുപ്പ് എന്നിവയിൽ നിന്നും സഹായം ലഭിക്കുമോ?

ജില്ലാ മജിസ്ട്രേറ്റ് നൽകുന്ന ലിംഗമാറ്റം സൂചിപ്പിക്കുന്ന revised certificate ന്റെ അടിസ്ഥ ാനത്തിൽ ജനന സർട്ടിഫിക്കറ്റിലെയും മറ്റ് എല്ലാ ഔദ്യോഗിക രേഖകളിലെയും പേര് മാറ്റാൻ അർഹതയുണ്ട്.ആയതിലേക്ക് ബന്ധപ്പെട്ട വകുപ്പുകൾക്ക് അപേക്ഷ സമർപ്പിക്കേണ്ടതാണ്.

6)ലിംഗമാറ്റ ശസ്ത്രക്രിയ നടത്തിയ ഒരാൾക്ക് എങ്ങനെയാണ് അയാളെ സംബന്ധിക്കുന്ന എല്ലാ രേഖകളിലും ലിംഗമാറ്റം നടത്തിയ ആളും ലിംഗമാറ്റം നടത്തുന്നതിനു മുൻപുള്ള രേഖകളിലെ ആളും ഒന്നാണെന്ന് എങ്ങനെ തെളിയിക്കാൻ കഴിയും ?ഇതിനായി എന്ത് സർട്ടിഫിക്കറ്റ് ആണ് വേണ്ടത്?

National Portal for Transgender മുഖേന ലഭ്യമാകുന്ന Revised TG **സർട്ടിഫിക്കറ്റിൽ** പഴയ പേര് കാണിച്ചിരിക്കും.ഇത് ലഭ്യമാകുന്നതിന് നിലവിലുള്ള ആധാർ ,സത്യവാങ്ങ് മൂലം എന്നിവ അപ്ലോഡ് ചെയ്യേണ്ടതാണ് .

7) ലിംഗമാറ്റം നടത്തുന്നതിനു മുമ്പ് പിഎസ്സി ലിസ്റ്റിൽ ഉണ്ടായ ഒരു വ്യക്തി നിയമനം ലഭിക്കുന്നതിനു മുമ്പ് ലിംഗമാറ്റം നടത്തിയാൽ പിഎസ്സി വഴി ലഭിക്കുന്ന ജോലി കിട്ടുമോ ഏതെങ്കിലും തരത്തിലുള്ള പ്രശ്നങ്ങൾ ഉണ്ടാകുമോ?

**File No.SJD/480/2022-C3**

൦113/2022

വിവരം ഈ കാര്യാലയത്തിൽ ലഭ്യമല്ല

8) പി എസ് സി നിയമനം വഴി ജോലിയിൽ പ്രവേശിക്കുന്ന ഒരാൾക്ക് ജോലിയിൽ പ്രവേശിച്ച ശേഷം ലിംഗമാറ്റ ശസ്ത്രക്രിയ ചെയ്യാൻ കഴിയുമോ ? ഇങ്ങനെ ശസ്ത്രക്രിയ ചെയ്താൽ പിഎസ്സി വഴി ലഭിച്ച ജോലി നഷ്ടമാകുമോ?

വിവരം ഈ കാര്യാലയത്തിൽ ലഭ്യമല്ല

9) ലിംഗമാറ്റ ശസ്ത്രക്രിയ ചെയ്തവർക്ക് കേരള പി എസ് സി യിൽ ഏതെങ്കിലും തരത്തിലുള്ള സംവരണംനൽകുന്നുണ്ടോ ?

ലിംഗമാറ്റ ശസ്ത്രക്രിയ ചെയ്തവർക്ക് കേരള പി എസ് സി യിൽ സംവരണം നിലവിൽ നൽകുന്നില്ല.

മേൽ മറുപടിയിൽ താങ്കൾ തൃപ്തനല്ലെങ്കിൽ താങ്കൾക്ക് സാമൂഹ്യനീതി ഡയറക്ടറേറ്റ് അപ്പീൽ അധികാരിയ്ക്ക് 30 ദിവസത്തിനകം ചുവടെ ചേർത്തിട്ടുള്ള വിലാസത്തിൽ അപ്പീൽ അപേക്ഷ സമർപ്പിക്കാവുന്നതാണ്

**അഡീഷണൽ ഡയറക്ടർ & അപ്പീൽ അധികാരി,**
**സാമൂഹ്യനീതി ഡയറക്ടറേറ്റ്,**
**വികാസ് ഭവൻ 5th Floor,**
**തിരുവനന്തപുരം.**

വിശ്വസ്തതയോടെ,

**സ്റ്റേറ്റ് പബ്ലികഇൻഫർമേഷൻ ഓഫീസർ,**
**സാമൂഹ്യ നീതി ഡയറക്ടറേറ്റ്,**
**തിരുവനന്തപുരം.**

പവിത്രൻ തൈക്കണ്ടി
PEN Number: 212444
അസിസ്റ്റന്റ് ഡയറക്ടർ
സാമൂഹ്യനീതി ഡയറക്ടറേറ്റ്
തിരുവനന്തപുരം 695033